ശ്രീ. ബാബു ദിവാകരൻ: അങ്ങനെ കോൺട്രാക്ട് ആണെങ്കിൽ അങ്ങനെയും അത് നമ്മുടെ നാട്ടിൽ നിലവിലുള്ള തൊഴിൽ നിയമങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാൻ പാടില്ല. കേരളത്തിൽ നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് വിധേയമായി മാത്രമേ ഈ കോൺട്രാക്ടിൽ ഏർപ്പെടാനും പാടുള്ളൂ. അങ്ങനെയല്ലാത്ത കോൺട്രാക്ടിൽ ഏർപ്പെടുന്ന തൊഴിലുടമയും തൊഴിലാളിയും നിയമവിരുദ്ധമായ പ്രവർത്തനങ്ങളിലാണ് ഏർപ്പെടുന്നതെന്ന് കണ്ടെത്താനും ആ കോൺട്രാക്ട് ക്യാൻസൽ ചെയ്യാനും നമുക്ക് കഴിയും. ഇങ്ങനെയുള്ള self financing institutions-ലെ തൊഴിലാളികളുടെ അല്ലെങ്കിൽ ജീവനക്കാരുടെ പൊതു സേവന–വേതന വ്യവസ്ഥകൾ നിജപ്പെടുത്തേണ്ടതായി വരുമെന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് സംശയമില്ല. തീർച്ചയായും അത് പരിശോധിച്ച് ആ മേഖലയിൽ ചൂഷണത്തിന് തൊഴിലാളികളെ വിട്ടുകൊടുക്കുന്ന സാഹചര്യം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് അങ്ങ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഈ വ്യവസ്ഥകളെല്ലാം പരിശോധിച്ച് നടപ്പിലാക്കുമെന്നുള്ള മന്ത്രിയുടെ ഉറപ്പിന്റെ വെളിച്ചത്തിൽ ഈ പ്രമേയം പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചിരിക്കുന്നു.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

(10) 2005-ലെ കേരള വീഡിയോഗ്രാഫേഴ്സ് ആൻറ് ഫോട്ടോഗ്രാഫേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2005-ലെ കേരള വീഡിയോഗ്രാഫേഴ്സ് ആൻറ് ഫോട്ടോഗ്രാഫേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഇതും മറ്റു ബില്ലുകളുടെ കാര്യത്തിൽ പറഞ്ഞതുപോലെ തന്നെയാണ്. പക്ഷേ ഫോട്ടോഗ്രാഫേഴ്സിനേറെയും വീഡിയോ ഗ്രാഫേഴ്സിനേറെയും കാര്യത്തിൽ നമ്മുടെ പുതിയ ബിൽ, ഇപ്പോൾ നിയമസഭയുടെ മുമ്പിലുള്ള Shops and other Establishments Bill, പാസ്സായിക്കഴിഞ്ഞാൽ അവർ ഇതിന്റെ പരിധിയിൽ വരും. നമ്മുടെ സംസ്ഥാനത്ത് ഫോട്ടോഗ്രാഫേഴ്സും വീഡിയോഗ്രാഫേഴ്സും അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥാപനങ്ങൾ other establishment-ന്റെ നിർവചനത്തിൽ വരുന്നതാണ്. അവർക്കുകൂടി ഉതകുന്ന ഒരു പുതിയ നിയമം ഈ സഭയുടെ മുമ്പിൽ ഇപ്പോൾത്തന്നെയുണ്ട്. എല്ലാവരും കൂടി ഒന്ന് സഹകരിച്ചാൽ ഈ സെഷനിൽ തന്നെ അത് പാസ്സാക്കിയെടുക്കാൻ കഴിയും. ആർക്കും വലിയ തർക്കമില്ലാത്ത ഒരു ബില്ലാണത്. 10 ലക്ഷത്തോളം തൊഴിലാളികൾക്ക് ഗുണം ചെയ്യുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബില്ലാണ്. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടേയും മണ്ഡലങ്ങളിൽ ആയിരത്തിൽ കുറയാത്ത തൊഴിലാളികൾക്ക് ഗുണം ചെയ്യുന്ന ഒരു ബില്ലാണിത്. അതുകൊണ്ട് ഈ സെഷനിൽ തന്നെ ഇത് പാസ്സാക്കിയാൽ നല്ലതാണ്. നിങ്ങളെല്ലാംകൂടി ഒരുമിച്ചു നിന്നാൽ അതു സാധിക്കും. ഇപ്പോഴത്തെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ബില്ലുകളുടെ ഷെഡ്യൂളിൽ വന്നപ്പോഴും അതിന് പ്രയോറിറ്റി കിട്ടിയിട്ടില്ല. ഞാൻ രണ്ടുമൂന്നു തവണയായി. എങ്ങനെയെങ്കിലും അത് introduce ചെയ്യാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഷെഡ്യൂളിലും അതിന് പ്രയോറിറ്റി കിട്ടിയില്ല. ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ ഒരു കൂട്ടായ ആവശ്യമായി ഇത് ഉന്നയിക്കണം. അങ്ങനെ വന്നാൽ നമുക്ക് ഒരു ദിവസം രണ്ടോ മൂന്നോ മണിക്കൂർ കൂടുതൽ ഇരുന്നാൽ ഈ ബില്ലുംകൂടി ഈ സെഷനിൽ തന്നെ പാസ്സാക്കാൻ കഴിയും. ഫോട്ടോഗ്രാഫേഴ്സിനേറെയും വീഡിയോഗ്രാഫേഴ്സിനേറെയും കാര്യത്തിൽ, അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പ്രൊവിഷൻ അതിനകത്തുണ്ട്. അത് കവർ ചെയ്യുമെന്നുള്ളതുകൊണ്ട് ഒരു പ്രത്യേക ക്ഷേമനിധി ആവശ്യമില്ലാത്തതുകൊണ്ട് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 1991 മേയ് 21-ന് നമ്മുടെ പ്രിയങ്കരനായിരുന്ന രാജീവ് ഗാന്ധി ശ്രീപെരുംപുത്തൂരിൽ ചാവേർ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെടുമ്പോഴും ആ തീനാളങ്ങൾക്കിടയിലും, ആ അഗ്നിക്കിടയിലും ഒരു ക്യാമറ കിടന്നിരുന്നു. ആ ആക്രമണത്തിൽ കൊല്ലപ്പെട്ട ഹരിബാബു എന്ന ഫോട്ടോഗ്രാഫറുടെ ക്യാമറയായിരുന്നു അത്. ആ ക്യാമറയിൽ ഡെവലപ്പ് ചെയ്ത ഫിലിം ആയിരുന്നു രാജീവ് വധ കേസിലെ പ്രതികളെ തിരിച്ചറിയാൻ, നമുക്ക് ശിവരശനേയും ശുഭയേയും തനുവിനേയുമൊക്കെ തിരിച്ചറിയാനുള്ള മാർഗ്ഗമായി മാറിയത്. അപ്പോഴും അത്രയും അഗ്നിനാളങ്ങൾ വിഴുങ്ങിയതിനിടയിലും ഒരു തുമ്പ് അവിടെ കിടന്നു. അതുപോലെ, അടുത്ത സമയത്ത് എന്റെ കൊല്ലം ജില്ലയിൽ ഭർത്താവിനെ കൊന്ന് കൊക്കയിൽ തള്ളിയ ഒരു കേസിലും ക്യാമറ വഴിത്തിരിവായി. 5 വർഷം മുമ്പ് ഭാര്യയും കാമുകനും ചേർന്ന് ഭർത്താവിനെ കൊന്ന് കൊക്കയിൽ തള്ളിയ കേസായിരുന്നു അത്. അവർ കൊന്നതിനുശേഷം ഊട്ടിയിൽ കൊണ്ടുപോയി ഡെഡ്ബോഡി തള്ളിയതിനുശേഷം, ഊട്ടിയിൽ ഉല്ലാസയാത്ര നടത്തിയെടുത്ത പടങ്ങൾ. തൊണ്ടിയായി പിടിച്ചെടുത്ത ക്യാമറയിലുണ്ടായിരുന്നു. 5 കൊല്ലം കഴിഞ്ഞാണ് പ്രിന്റെടുത്ത് ഡെവലപ് ചെയ്ത് നോക്കിയത്. അപ്പോഴാ ഇവർ പറഞ്ഞിട്ടുള്ള തൊഴികയ്ക്കെല്ലാം വിരുദ്ധമായ സംഭവങ്ങൾ.....

ശ്രീ. തമ്പാനൂർ രവി: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലുള്ള കാര്യങ്ങൾ മാത്രമല്ല, ദേശീയ തലത്തിലും; നമ്മുടെ സംസ്ഥാന തലത്തിലുമൊക്കെയുള്ള പല രാഷ്ട്രീയ മാറ്റങ്ങൾക്കും ക്യാമറ ഒരു വഴിത്തിരിവാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: തീർച്ചയായിട്ടും ആധുനിക ലോകത്ത്.....

ശ്രീ. എം. എം. ഹസ്സൻ: സർ, ഇങ്ങനെയൊക്കെ പ്രാധാന്യമുള്ള താണെങ്കിലും താങ്കൾക്ക് ഈ വീഡിയോഗ്രാഫറോടും ഫോട്ടോഗ്രാഫറോടുമുള്ള ആത്മബന്ധം, താങ്കളുടെ സുന്ദരമായ മുഖം അനവധി തവണ പകർത്തിയതിലുള്ള ആത്മബന്ധമാണോ ഈ ബിൽ കൊണ്ടുവരാൻ അങ്ങേക്ക് പ്രേരണയുണ്ടായത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അക്കാര്യത്തിൽ എന്നെ കടത്തിവെട്ടി എത്രയോമുമ്പേ അങ്ങ് പോയിരിക്കുകയാണ്. അതുമാത്രമല്ല, ആധുനിക ലോകത്ത് ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് ഫോട്ടോഗ്രാഫി. ഏതു മേഖല എടുത്തു നോക്കിയാലും അതിൽ ഫോട്ടോഗ്രാഫിയുടെ പങ്ക് ചെറുതല്ലെന്ന് മനസ്സിലാക്കാം.

ശ്രീ. തച്ചനാടൻ രവി: സർ, ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ഇവിടെ ചൂണ്ടിക്കാണിച്ചല്ലോ, ഈ രംഗത്ത് അങ്ങനെ ആർക്കെങ്കിലും അവാർഡ് കൊടുക്കാൻ ആലോചിച്ചാൽ അതിന് ഏറ്റവും അർഹൻ ശ്രീ. എം. എം. ഹസ്സനാണെന്നുള്ളത് അങ്ങേയ്ക്കറിയാമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: തീർച്ചയായും ഇതിനൊരു തർക്കമുണ്ടാകുമെങ്കിൽ അത് അദ്ദേഹവും ശ്രീ. പാലോട് രവിയും തമ്മിലേ തർക്കമുണ്ടാകാൻ വഴിയുള്ളൂ. അതുപോലെ എനിക്ക് പറയാനുള്ളത് ഗവേഷണം, വാർത്താവിനിമയം, വിദ്യാഭ്യാസം, വ്യവസായം, വ്യോമ നിരീക്ഷണം, വൈദ്യശാസ്ത്രം, കുറ്റാന്വേഷണമണ്ഡലം തുടങ്ങി സിനിമ, ടെലിവിഷൻ ഇങ്ങനെ എത്രയെത്ര മേഖലകളിൽ കടന്നുകയറിയിരിക്കുന്നു. ഇതൊരു വിനോദമാണെന്ന് നാം ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അത് തെറ്റാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാവുന്നതാണ്.

(ചർച്ച തുടരും)

മി. ചെയർമാൻ: സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ 25-ാം തീയതി തിങ്കളാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12-30-ന് പിരിഞ്ഞു.)

അനുബന്ധം I

[22-7-2005-ലെ ചോദ്യം നമ്പർ *11 (299)-ന്റെ ഉത്തരം ടേബിൾ ചെയ്തതായി കാണുക.]

ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആൻഡ് സെക്യൂരിറ്റി) മേൽനോട്ടത്തിലും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി ഓരോ ആൻറി പവർ തെഫ്റ്റ് റീജിയണൽ യൂണിറ്റും അതിനു കീഴിൽ തിരുവനന്തപുരത്തും കോട്ടയത്തുമായി രണ്ടും എറണാകുളത്ത് മൂന്നും, കോഴിക്കോട് മൂന്നും ആൻറി പവർ തെഫ്റ്റ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്.

ഹൈടെൻഷൻ മേഖലയിലെ വൈദ്യുതി മോഷണ പരിശോധനയും ബോർഡിലെ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ അധികാര പരിധിയിലാണ്. ഈ പ്രവർത്തനങ്ങളുടെ ചുമതല റീജിയണൽ യൂണിറ്റിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. ഉപഭോക്താക്കൾ സമർപ്പിക്കുന്ന അപ്പീലുകളിൽ സത്വരമായ തീർപ്പുണ്ടാക്കാനായി തിരുവനന്തപുരത്തിനു പുറമേ ആലുവ, പാലക്കാട്, കോഴിക്കോട് കേന്ദ്രമായി ഓരോ ഡെപ്യൂട്ടി

LIBRARY ARCHIVES Kerala Legislative Assembly